**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6063</u>** **<u>09-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കൽ</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എം.വിജിൻ</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കല്ല്യാശ്ശേരി മണ്ഡലത്തിലെ കല്ല്യാശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാടായി, മാട്ടൂൽ എന്നീ പഞ്ചായത്തുകളിൽ ഓവർലോഡ് മൂലം നിരന്തരം വൈദ്യുതി മുടങ്ങുന്നത് പരിഹരിക്കുന്നതിനായി പുതുതായി 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?</td><td>(എ)</td><td>കണ്ണൂർ ജില്ലയിൽ കല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന്, കണ്ണപുരം, മാടായി, മാട്ടൂൽ എന്നീ പഞ്ചായത്തുകളിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇരിണാവ് എന്ന സ്ഥലത്ത് 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ശിപാർശ ഉണ്ട്. പദ്ധതിയുടെ സാങ്കേതിക പഠനം നടത്തി അവിടെ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സാധ്യതയുണ്ടെന്ന് കണ്ടെത്തിയാൽ, വിശദമായ പദ്ധതി രേഖ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനും, അനുയോജ്യമായ സ്ഥലം കണ്ടെത്തി ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>പ്രസ്തുത വിഷയത്തിന്റെ പരിഹാരത്തിനായി വിതരണ മേഖലയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു<br><br>
<table>
<tr><th></th><th colspan="2">ദ്യുതി</th><th>ആർ.ഡി. എസ്.എസ്</th></tr>
<tr><td>ലൈൻ/ ട്രാൻസ്ഫോർമർ</td><td>ആവിഷ്കരച്ചവ</td><td>പൂർത്തീകരിച്ചവ</td><td>ആവിഷ്കരിച്ചവ</td></tr>
<tr><td>11 കെ.വി ലൈൻ (കി മീ)</td><td>2.35</td><td>0.35</td><td>0</td></tr>
<tr><td>11 കെ.വി എ ബി സി (കി. മീ)</td><td>3.89</td><td>3.7</td><td>3.705</td></tr>
<tr><td>11 കെ.വി യു ജി (കി. മീ)</td><td>5.8</td><td>0.8</td><td>4</td></tr>
<tr><td>ട്രാൻസ്ഫോർമർ (എണ്ണം)</td><td>5</td><td>5</td><td>5</td></tr>
</table>
<br>.</td></tr>
</table>

സെക്ഷൻ ഓഫീസർ